26-10-2026

Calling Attention

ശ്രദ്ധക്ഷണിക്കൽ

(1) ഭൂമി തരം മാറ്റുന്നതിനും ഭൂനികുതി അടയ്ക്കുന്നതിലും നേരിടുന്ന തടസ്സങ്ങൾ

ശ്രീ. റെജി ചെറിയാൻ: സർ, കുട്ടനാട് നിയോജകമണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകളിൽ പന്ത്രണ്ട് പഞ്ചായത്തിലെയും ഡിജിറ്റൽ സർവെ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിനുശേഷം ജനങ്ങൾ വളരെയധികം പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ അമ്പത് വർഷത്തിനുമേലെ കൈവശംവച്ച് കരമടച്ചിരുന്ന വീടും വസ്തുവും അടങ്ങുന്ന കരഭൂമിയെല്ലാം ഈ സർവെ കഴിഞ്ഞപ്പോൾ രേഖകളിൽ കൃഷിസ്ഥലമായി മാറി. ഇതിനുകാരണം സെറ്റിൽമെന്റ് രേഖയാണ്. വളരെ കാലപ്പഴക്കമുള്ള സെറ്റിൽമെന്റ് രേഖ അനുസരിച്ചാണ് ഡിജിറ്റൽ സർവെ നടത്തിയിരിക്കുന്നത്. കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും, കാലങ്ങൾക്കുമുമ്പ് കുട്ടനാടിന്റെ തൊണ്ണൂറ് ശതമാനം പ്രദേശങ്ങളും കൃഷിസ്ഥലമായിരുന്നു. ആ കാലത്ത് അതിന്റെ പുറംബണ്ടിലും ആറുകളിലെയും നദികളിലെയും തീരത്ത് താമസിക്കാൻ കഴിയാവുന്ന രീതിയിൽ നികത്തി വീടുവച്ച് താമസിച്ചിരുന്ന കർഷകരും കർഷക തൊഴിലാളികളുമാണ് ഉണ്ടായിരുന്നത്. 2017 വരെ യാതൊരു തടസ്സവുമില്ലാതെ

ഇവർ കരമടച്ചുവന്നിരുന്നു. ഈ പ്രതിസന്ധികൾമൂലം ഇപ്പോൾ ഡിജിറ്റൽ സർവെ കഴിഞ്ഞപ്പോൾ നൂറ്റാണ്ടുകൾ പിന്നിട്ട പുരാതനവും പ്രസിദ്ധവുമായ പുളിങ്കുന്ന് പള്ളി, ചമ്പക്കുളം പള്ളി, ക്ഷേത്രങ്ങൾ എന്നിവ കൃഷിസ്ഥലമായി മാറിയിരിക്കുകയാണ്. കരം അടയ്ക്കാൻ സാധിക്കുന്നുമില്ല. അതിനാൽ കരം അടച്ച രസീതില്ലാതെ നമ്മുടെ നാട്ടിലെ ഓരോ കുടുംബങ്ങൾക്കും ദൈനംദിനം നടത്തേണ്ട ക്രയവിക്രയങ്ങൾപോലും നടക്കുന്നില്ല. കരം അടച്ച രസീതില്ലാത്തതിനാൽ വിദ്യാഭ്യാസ വായ്പ, കാർഷിക വായ്പ, ഭവനനിർമ്മാണ വായ്പ, ഇലക്ട്രിസിറ്റി കണക്ഷൻ ഇവയൊന്നും ലഭിക്കുന്നില്ല. അവരുടെ പട്ടയമുണ്ടായിരുന്ന കൃഷിസ്ഥലങ്ങൾപോലും പുറമ്പോക്കായിമാറി. 2008-ന് ശേഷമുള്ള തണ്ണീർതട നിയമപ്രകാരം പ്രതിസന്ധി നേരിടുന്ന ഈ ജനങ്ങൾ എല്ലാവരുംകൂടി ഭൂമിതരം മാറ്റത്തിന് അപേക്ഷിക്കുകയെന്നത് സാധ്യമല്ലാത്തൊരു കാര്യമാണ്. കുട്ടനാട് അഭിമുഖീകരിക്കുന്ന ഈ ജനകീയ പ്രശ്നം സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളുമായി താരതമ്യം ചെയ്യാതെ പ്രത്യേകമായി എടുത്ത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു അദാലത്ത് നടത്തി ഈ പ്രശ്നം അവിടെത്തന്നെ പരിഹരിക്കാൻ

സാധിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ പുളിങ്കുന്നം, വെളിയനാട് വില്ലേജുകളുടെ ഡിജിറ്റൽ സർവെ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജുകളുടെ തൊണ്ണൂറ് ശതമാനവും സമുദ്ര നിരപ്പിന് താഴെയുള്ളതും വർഷത്തിലൊരിക്കൽ കൃഷി നടത്തുന്നതും നാല് മാസമൊഴികെ എല്ലാ സമയത്തും വെള്ളക്കെട്ടായിക്കാണുന്ന പാടശേഖരങ്ങൾ ഉൾപ്പെട്ട പ്രദേശമാണ്. വെള്ളപ്പൊക്കംമൂലം രണ്ട് വില്ലേജുകളുടെയും റിക്കാർഡുകൾ പലതും നഷ്ടപ്പെട്ടതുകൊണ്ടും പാടശേഖരങ്ങളിൽ ഭൂവുടമസ്ഥർ താമസിക്കാത്ത സാഹചര്യങ്ങളിൽ ഡിജിറ്റൽ സർവെ ജോലികൾ നിർവഹിച്ചപ്പോൾ ഭൂമിയുടെ ഉടമസ്ഥരെ കണ്ടെത്തുന്നതിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. എങ്കിലും പരമാവധി പരസ്യം നൽകുകയും വിവിധ കമ്മിറ്റികളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടുകൂടി കൃത്യതയോടെ സർവെ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ ഭൂമിയിൽ അതിർത്തികൾ സ്ഥാപിക്കാത്ത സാഹചര്യങ്ങളിലും ഭൂവുടമസ്ഥരുടെ വിവരങ്ങൾ ലഭ്യമല്ലാത്ത

Calling Attention

സാഹചര്യങ്ങളിലും കൈവശ വിസ്തീർണ്ണം അവകാശരേഖകളെക്കാൾ കുറവുള്ള സാഹചര്യത്തിലുമാണ് പരാതികളുണ്ടായിട്ടുള്ളത്. ഈ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. മേൽപ്പറഞ്ഞ വില്ലേജുകളിൽ ശേഷിക്കുന്ന എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. നിയമാനുസൃതമായി തരം മാറ്റുന്ന റവന്യൂ പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ച് തരം മാറ്റം വരുത്താവുന്നതാണ്. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് എന്റെ ഭൂമി പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ച് ഭൂമി തരംമാറ്റം വരുത്തുന്നതിന് യാതൊരു സാങ്കേതിക തടസ്സങ്ങളുമില്ലാത്തതാണ്. എന്തായാലും ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കൂട്ടനാടിന്റെ പ്രത്യേക സാഹചര്യത്തിൽ തീർച്ചയായും അവിടത്തെ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ആവശ്യമെങ്കിൽ പ്രത്യേക യോഗം വിളിച്ച് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഹരിക്കാനുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

Calling Attention

ശ്രീ. റെജി ചെറിയാൻ: സർ, അറുപത് വർഷവും എഴുപത് വർഷവും താമസിച്ചുകൊണ്ടിരിക്കുന്ന വീടുകൾ പുതുക്കി പണിയാൻപോലും കഴിയാത്ത അവസ്ഥയുണ്ട്. കാരണം, മുൻ കാലങ്ങളിൽ അവർ കരം അടച്ച ആ രസീതുകൾ ഉപയോഗിച്ച് അല്ലെങ്കിൽ ആ ഒരു രീതിവച്ചുകൊണ്ട്, പഴയ അറുപത് വർഷവും എഴുപത് വർഷവുമായി എന്തുള്ളതെങ്കിലും വിചാരിച്ചുകൊണ്ട് അവർക്ക് പുതുക്കിപ്പണിയുന്നതിനുള്ള സാഹചര്യമൊരുക്കാൻ സാധിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഈയൊരു കാര്യം പ്രത്യേകം പരിശോധിക്കാം. ഞാൻ പറഞ്ഞല്ലോ, കുട്ടനാടിന്റേത് പ്രത്യേക സാഹചര്യമാണ്. അതുകൊണ്ടുതന്നെ മറ്റ് പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമാണ് അവിടുത്തെ ജീവിതസാഹചര്യം. ജനങ്ങൾക്ക് അവിടെയുണ്ടായിട്ടുള്ള ഭൂമി സംബന്ധമായ കാര്യങ്ങളിൽ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ പ്രത്യേക നടപടികൾ സ്വീകരിക്കുന്നതാണ്.

(2) കുളവാഴ വ്യാപന നിയന്ത്രണം

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിന്റെ കാർഷിക ജല ആവാസ വ്യവസ്ഥകളെ വളരെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്

ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പതിനെട്ടാം നൂറ്റാണ്ടിൽ അമേരിക്കയിൽനിന്ന് നമ്മുടെ നാട്ടിലേക്ക് കുടിയേറിയ Eichhornia crassipes എന്ന ശാസ്ത്രനാമമുള്ള കുളവാഴ നമ്മുടെ ജലാശയങ്ങളിൽ നിറഞ്ഞുകൊണ്ടിരിക്കുകയാണ്. John Bellamy Foster-ന്റെ The Vulnerable Planet: A Short Economic History of the Environment എന്ന ഒരു മനോഹരമായ പുസ്തകത്തിൽ കാവ്യലോകം ഏറ്റവും കൂടുതൽ ഉപയോഗിച്ചിട്ടുള്ള ജലാശയഭംഗി നഷ്ടപ്പെടുന്നു എന്നുപറയുന്നുണ്ട്. അത് നമ്മുടെ നാട്ടിലും അർഥവത്താകുകയാണ്. നമ്മുടെ രാജ്യത്ത് ആകെ ഏകദേശം രണ്ട് ലക്ഷം ഹെക്ടർ ജലാശയം കുളവാഴ; ആഫ്രിക്കൻ പായലുണ്ട്, അത് മറ്റൊരു സ്പീഷീസാണ്, ഇവിടെ നിറഞ്ഞുനിൽക്കുകയാണ്. നമ്മുടെ നാട്ടിലെ മണ്ണിൽ അനാവശ്യമായി ആവശ്യത്തിലധികം രാസവളം ചേർക്കുമ്പോൾ അതിലെ നൈട്രജൻ മഴയിലൂടെ ലീച്ച് ചെയ്ത് വെള്ളത്തിലെത്തി, വെള്ളത്തിൽ നൈട്രജൻ കണ്ടന്റ് കൂടുമ്പോഴാണ് ഈ പറയുന്ന Eichhornia crassipes എന്ന കുളവാഴ വളരെ പെട്ടെന്ന് വളരുന്നത്. അതിന്റെ വളർച്ചാവേഗവും വളരെ

കൂടുതലാണ്; വിസ്മയിപ്പിക്കുന്ന വേഗതയാണ് അതിന്റെ വളർച്ചയ്ക്ക്. ഒരാഴ്ചയിൽ അത് ഇരട്ടിക്കുമെന്ന് പറയപ്പെടുന്നു. അങ്ങനെയുള്ള ഈ കുളവാഴ ജലാശയത്തിന്റെ എല്ലാ നൈസർഗിക ഭാവങ്ങളെയും ഇല്ലാതാക്കുകയാണ്. ജലാശയത്തിലേക്ക് ഓക്സിജൻ കടന്നുവന്നിട്ടുവേണം ജലാശയത്തിനകത്തുള്ള ജീവികൾക്ക് ജീവിക്കാൻ. അതിനിത് തടസ്സമാകുകയാണ്. ജലാശയത്തിനകത്തേക്കുള്ള ഓക്സിജൻ വരവിന്റെ അളവ് കുറഞ്ഞു കുറഞ്ഞുവരികയാണ്. അതുപോലെതന്നെ സൂര്യരശ്മി ജലാശയത്തിലേക്ക് കടന്ന് അതിനകത്തുള്ള ആവാസ വ്യവസ്ഥയെ പുഷ്ടിപ്പെടുത്തുകയാണ്. നമ്മൾ രാമൻ ഇഫക്ട് പഠിച്ചിട്ടുള്ളതുപോലെ, സൂര്യരശ്മി വെള്ളത്തിലെത്തുമ്പോൾ ഉണ്ടാകുന്ന scattering ആവാസവ്യവസ്ഥയെ നിലനിർത്തുന്നുവെന്ന് ശാസ്ത്രം പറയുന്നുണ്ട്. അതിന് അസാധ്യമായി സൂര്യരശ്മി ജലത്തിലേക്ക് കടക്കുന്ന തലത്തിൽ കുളവാഴ നിറഞ്ഞിരിക്കുകയാണ്. അങ്ങനെ പലതരത്തിലും ജലാശയത്തിന്റെ ആവാസ വ്യവസ്ഥയെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ജലത്തിന്റെ ഒഴുക്ക് വല്ലാതെ തടയുന്നു. മണലൂരിലൊക്കെ ഞങ്ങൾ

വളരെയധികം അനുഭവപ്പെടുകയാണ്. ജലത്തിലെ/ജലാശയങ്ങളിലെ ഒഴുക്കുകൾ പലതരത്തിലുള്ള ജലത്തിന്റെ മൂവ്മെന്റ്സ് തടയപ്പെടുകയാണ്. അതുപോലെതന്നെ കാർഷിക മേഖലയിലും ഇതുണ്ടാക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ജല ഗതാഗതം എന്ന സങ്കല്പം പൂർണ്ണമായും ബുദ്ധിമുട്ടാകുന്ന തലത്തിലാണ് ഈ കുളവാഴ നിറയുന്നത്. മണലൂരിലൊക്കെ ഈ പറയുന്ന ഏനാമാക്കൽ റഗുലേറ്റർ ബണ്ടിലൂടെ ഈ കുളവാഴ ഒഴുകി നടക്കുന്നുണ്ട്. പ്രാദേശിക മത്സ്യബന്ധനം വളരെ ബുദ്ധിമുട്ടാകുകയാണ്. അത് അഴിമുഖത്ത് എത്തുമ്പോൾ ഒരു പ്രധാനപ്പെട്ട വിഷയം വരാൻ പോകുന്നു, അഴിമുഖ ആവാസ വ്യവസ്ഥയെയും ഇത് നാളെ ബാധിക്കാൻ പോകുകയാണ്. ഇപ്പോൾ ഇങ്ങനെയുള്ള ഈ കുളവാഴയെ മാറ്റുന്നത് വളരെ അശാസ്ത്രീയമായ രീതിയിലാണ്. ഒരു വലിയ യന്ത്രം അതിനെ കോരിയെടുത്ത് തോടിന്റെയോ പുഴയുടെയോ സൈഡിൽ ഇടുക, കുറച്ചുകഴിഞ്ഞ് ഇതെല്ലാം തിരികെ അതിലേക്കുതന്നെ വരിക എന്ന തരത്തിലുള്ള വളരെ അശാസ്ത്രീയവും ക്രൂഡായിട്ടുള്ള ഒരു methodology ആണ് ഇപ്പോൾ കാണുന്നത്.

മി. സ്പീക്കർ: യെസ്....

പ്രൊഫ. സി. രവീന്ദ്രനാഥ്: അത് ശാസ്ത്രീയമായി പരിഹരിക്കണം. പുഴയിലേക്ക് ആവശ്യമുള്ള ചെറിയ ചെറിയ യന്ത്രങ്ങളെയും അതുപോലെതന്നെ പലതരത്തിലുള്ള ശത്രുകീടങ്ങളെയുമെല്ലാം ഉപയോഗിച്ച് അതെല്ലാം മാറ്റാൻ സാധിക്കുമെന്ന് മനസ്സിലാക്കുന്നു. നമ്മൾ ഇത്തരത്തിലുള്ള ഒരു പ്രശ്നം നോക്കുമ്പോൾ രണ്ട് പ്രശ്നങ്ങൾകൂടി ഗുരുതരമായി വരുന്നുണ്ട്. അതെന്താണെന്നാൽ, ഇതെല്ലാം കോരിയെടുത്ത് ഉണക്കി കത്തിക്കുകയാണ്. അവിടെ കാർബൺ ഡൈ ഓക്സൈഡ് ധാരാളം ഉല്പാദിപ്പിക്കപ്പെടുകയാണ്. അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ വർധനവാണ് Global warming-ന് കാരണമെന്ന് നമുക്കറിയാം. ഇത് ശാസ്ത്രീയമായി മാറ്റാത്തതുകൊണ്ട് പലപ്പോഴും ചെളിയിൽ കിടന്ന് ചീയുമ്പോൾ അതിൽ മീഥെയിൻ വാതകം ഉണ്ടാകുകയാണ്. കാർബൺ ഡൈ ഓക്സൈഡിനേക്കാൾ വളരെക്കൂടുതൽ Global warming ഉണ്ടാക്കുന്നതാണ് മീഥെയിൻ ഗ്യാസ്; അതും അന്തരീക്ഷത്തെ മലിനീകരിക്കുകയാണ്. സർ, അതുകൊണ്ട് ഇത് വളരെ

ശാസ്ത്രീയമായി ഇല്ലാതാക്കുന്നതിനുള്ള ഒരു വലിയ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ ഇത് ഒരു നല്ല അസംസ്കൃത വസ്തുകൂടിയാണ്. ബീറ്റാ കരോട്ടിൻ ഏറ്റവും കൂടുതലുള്ള ഒരു സസ്യമാണ് കുളവാഴ. വൈറ്റമിൻ 'എ'-യാണ് ബീറ്റാ കരോട്ടിൻ. പൂനെയിലെ പ്രശസ്തമായ ഗവേഷണ സ്ഥാപനമായ CSIR - നാഷണൽ കെമിക്കൽ ലബോറട്ടറി (NCL, Pune), ബീറ്റാ കരോട്ടിൻ എടുക്കുന്നതിന് പേറ്റന്റുപോലും നേടിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: യെസ്....

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: കുളവാഴയിലുള്ള പ്രധാനപ്പെട്ട ഒന്നാണ് സെല്ലുലോസ്. അതുപയോഗിച്ച് ബയോ ഇന്ധനമുണ്ടാക്കാം. അതുപോലെതന്നെ ക്ലൺ വളർത്തുന്നതിന് ബെഡ്ഡുണ്ടാക്കാം. കൽക്കരി പോലുള്ള ബ്രിക്കറ്റ്സ് ഉണ്ടാക്കാം. നമുക്ക് വെറുതെ ലഭിക്കുന്ന ഒരു അസംസ്കൃതവസ്തു ഒരുപാട് ഉല്പന്നങ്ങളാക്കി മാറ്റാനുള്ള സാധ്യതയുണ്ട്. പക്ഷെ, ഇതൊന്നും ആരുമിപ്പോൾ ശ്രദ്ധിക്കുന്നില്ല. അതേസമയം കൃഷി തകർന്നുകൊണ്ടിരിക്കുന്നു. പ്രാദേശിക മത്സ്യബന്ധനം

ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു. കൂടാതെ എന്റെ ഒരു നിർദേശം CWRDM, കാർഷിക സർവകലാശാല, IRTC, KILA, കൃഷി വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ചേർന്ന് ഒരു കൺസോർഷ്യമുണ്ടാക്കി ഒരു വലിയ ഗവേഷണ പദ്ധതി, ഒരു മാസ്റ്റർ പ്ലാൻതന്നെ തയ്യാറാക്കണം. മണലൂർ നിയോജക മണ്ഡലത്തിലിപ്പോൾ കാർബൺ ന്യൂട്രൽ മണലൂർ എന്ന വലിയൊരു പദ്ധതി നടപ്പാക്കുകയാണ്. അവിടെ പാടശേഖരങ്ങളുണ്ട് എന്നുള്ളതുകൊണ്ട് ഈ പറയുന്ന ഗവേഷണ സാധ്യത അങ്ങ് ഏറ്റെടുക്കുയാണ്, സർക്കാർ നടപ്പാക്കുകയാണെങ്കിൽ അതിന്റെ ഒരു പരീക്ഷണശാലയായി/ലബോറട്ടറിയായി മണലൂർ പ്രവർത്തിക്കാം എന്ന് ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഉറപ്പുനൽകുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ബഹുമാനപ്പെട്ട മുൻമന്ത്രിയും ബഹുമാനപ്പെട്ട അംഗവുമായ പ്രൊഫ. സി. രവീന്ദ്രനാഥ്, വളരെ പ്രധാനപ്പെട്ടതും ഏറ്റവും ഗൗരവമായും ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കേരളത്തിലെ

26-10-2026

Calling Attention

ജലാശയങ്ങളെയും കാർഷിക മേഖലയെയും ഗുരുതരമായി ബാധിക്കുന്ന കുളവാഴയുടെ വ്യാപനം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത, അതിന് ശാശ്വത പരിഹാരമുണ്ടാക്കേണ്ടതിനെക്കുറിച്ച് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് വസ്തുതയാണ്. ജലാശയ ഭംഗി നഷ്ടമാകുന്നവിധത്തിൽ, കേരളത്തിലെ ഏറ്റവും വലിയ, അനുഗ്രഹീതമായ പ്രകൃതി സമ്പത്താണ് നമ്മുടെ ജലാശയങ്ങൾ. ആ ജലാശയങ്ങൾ മലിനമാക്കപ്പെടുകയും അവിടെ മാലിന്യങ്ങൾ നിറഞ്ഞ് സങ്കീർണ്ണമായ ഗുരുതരാവസ്ഥ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നത് അങ്ങ് ഇപ്പോൾ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളുടെകൂടെ വരുന്നതല്ലെങ്കിലും ഗൗരവമായി നമ്മൾ കാണേണ്ട മറ്റൊരു പ്രശ്നമാണ്. ഇതിന്റകൂടെയാണ് കുളവാഴയും ആഫ്രിക്കൻ പായലും തഴച്ചുവളരുന്നതുമൂലം ഇപ്പോൾ ഉണ്ടായിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ. ഇതിനൊരു തൃപ്തികരമായ ശാശ്വതപരിഹാരം കാണാൻ ഇതുവരെ കഴിയുന്നില്ലെന്നാണ് വകുപ്പുതലത്തിൽ, പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞത്. നമ്മൾ എവിടെ നോക്കിയാലും നല്ല പുൽത്തകിടിപോലെ നമ്മുടെ ജലാശയങ്ങളുടെ മുകളിൽ മുഴുവൻ ഈ

Calling Attention

ആഫ്രിക്കൻ പായലും കുളവാഴയും നിറഞ്ഞുനിൽക്കുകയാണ്. അങ്ങ് പറഞ്ഞത് വസ്തുതയാണ്. അതുകൊണ്ടുതന്നെ നമുക്ക് ഇവിടെ കാർഷിക മേഖലയ്ക്ക് വലിയ പ്രതിസന്ധിയുണ്ടായിരിക്കുന്നു. കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, പ്രാദേശികമായ മത്സ്യബന്ധനത്തിനുണ്ടായിരിക്കുന്ന തടസ്സങ്ങൾ, ജല ഗതാഗതത്തിനുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയവയൊക്കെ അനുഭവപ്പെടുന്നുണ്ട്. ബോട്ട് പോകുന്നതിനുവേണ്ടി, രാവിലെ നമ്മൾ പോള നീക്കം ചെയ്തുകഴിഞ്ഞാൽ ഉച്ചയാകുന്നതിനുമുമ്പേ പോള വീണ്ടും നിറയുകയാണ്. അടുത്ത ബോട്ടുപോകാൻ വീണ്ടും വഴിതെളിക്കേണ്ടി വരികയാണ്. ഇത് കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിൽ വലിയ പ്രശ്നമാണ്, കോൾ നിലങ്ങളിൽ പ്രശ്നമാണ്. ഇപ്പോൾ മെഷീൻവച്ച് ചെയ്തുകൊണ്ടിരിക്കുന്നത് ഫലപ്രദമല്ലാതെ വരികയാണ്. മെഷീൻവച്ച് കോരി കരയ്ക്കിടുകയാണ്. മെഷീൻവച്ച് കോരി കരയ്ക്കിടുന്നു. കുറച്ചു കഴിയുമ്പോൾ ഇത് വീണ്ടും ഈ തോട്ടിലേക്കുതന്നെ പോകുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ, നേതൃത്വം നൽകിക്കൊണ്ട് പായൽ വാരുന്നതിന് ഒരു മൂവ്മെന്റ് നടന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി

ഓർമിപ്പിക്കുകയാണ്.

മി. സ്പീക്കർ: പണ്ട് ഞങ്ങൾ നോക്കിയതാണ് പക്ഷെ, പരാജയപ്പെട്ടുപോയി.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമായി തീർച്ചയായിട്ടും നമ്മൾ കാണേണ്ടതായിട്ടുണ്ട്. അശാസ്ത്രീയമായി ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ അവസാനിപ്പിക്കാനും ശാസ്ത്രീയമായി ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന സാധ്യതകൾ പ്രയോജനപ്പെടുത്താനുംവേണ്ടി ശ്രമിക്കും എന്നുള്ളതാണ്. അങ്ങ് ചൂണ്ടിക്കാണിച്ചതിന്റെ വിശദമായ മറുപടി തയ്യാറാക്കിയിട്ടുണ്ട്. ആ മറുപടി ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു+. അത് മുഴുവൻ വിശദമായി അവതരിപ്പിക്കാനുള്ള സമയപരിമിതിമൂലം അതിലേക്ക് കടക്കുന്നില്ല. പക്ഷെ, ഒരു കാര്യം അങ്ങ് ചൂണ്ടിക്കാണിച്ചത് പ്രത്യേകമായി നമുക്ക് പരിശോധിക്കാം. ഞാൻ ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന്റെ വിശദമായ മറുപടിയല്ലാതെ ലോക സാധ്യകൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. അങ്ങ് ഈ ഒരു വിഷയം

+ അനുബന്ധമായി ചേർക്കുന്നു.

ചൂണ്ടിക്കാണിച്ചതിന്റെ പശ്ചാത്തലത്തിൽ ഇതിനുള്ള ലോക സാധ്യതകൾ പരിശോധിക്കുകയുണ്ടായി. മന്ത്രിയെന്ന നിലയിൽ ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചു. ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരോടും സംസാരിച്ചു. ലോകത്ത് വളരെ നല്ല നിലയിൽ നല്ല നിലവാരത്തിലും ഇത് അസംസ്കൃതവസ്തുക്കളാക്കി മാറ്റി, ബിസ്കറ്റുകളായി വിവിധങ്ങളായ മൂല്യവർധിത ഉല്പന്നങ്ങളാക്കിമാറ്റി, ഫലപ്രദമായി ചെയ്യുന്ന വിവിധ രാജ്യങ്ങളുണ്ട്. ഈ ലോകോത്തര സാധ്യതകളെ കേരളം ഇതുവരെ തൊട്ടിട്ടില്ല. നമ്മൾ ഈ മെഷീൻ വച്ച്, തോട്ടിൽ ഇറക്കുക, പോള വാരലുമായി നിൽക്കുകയാണ്. ആഫ്രിക്കൻ പായലിന്റെയൊന്നും അടിത്തട്ടിലേക്ക് പോകാനും കഴിയില്ല. ഇതിന്റെ വേര് ആഴത്തിൽ താഴേക്ക് പോയിരിക്കുകയാണ്. ഇതൊന്നും പറിക്കാനും കഴിയുന്നില്ല. മേൽത്തട്ടിൽ നടക്കുന്ന ഒരു ചെറിയ വിപ്ലവമാണ് ഇപ്പോൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആഴത്തിൽ നല്ലതുപോലെ ഇടപെടലുകൾ നടത്താൻ കഴിയുന്നവിധത്തിലുള്ള അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കാൻ കഴിയുന്നവിധത്തിലുള്ള സാധ്യതകൾ ലോകത്തെമ്പാടും

നടപ്പാക്കിയിരിക്കുന്നത് എങ്ങനെ കേരളത്തിന് പ്രയോജനപ്പെടുത്താം എന്നതിനെകുറിച്ച് വിശദമായി നമുക്ക് പരിശോധിക്കേണ്ടതുണ്ട്. അത്തരമൊരു പരിശോധനയിലേക്ക് വരാൻ സർക്കാർ തയ്യാറാണെന്നുള്ളത് അങ്ങയെ അറിയിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനമായി അങ്ങ് ചൂണ്ടിക്കാണിച്ച കാർഷിക സർവകലാശാല, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (CWRDM), കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (KSCSTE), മത്സ്യ ഗവേഷണ സ്ഥാപനങ്ങൾ, എന്നിങ്ങനെ ഈ മേഖലകളുമായി ബന്ധപ്പെട്ട എല്ലാ പ്രധാന സ്ഥാപനങ്ങളിലെയും പ്രഗത്ഭരായ ആളുകളെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട് കമ്മിറ്റിക്ക് രൂപംകൊടുക്കുന്നതാണ്. ആ എക്സ്പെർട്ട് കമ്മിറ്റി ലോകോത്തര സാധ്യതകൾകൂടി പ്രയോജനപ്പെടുത്തുകയും കേരളത്തിന്റെ സാഹചര്യങ്ങളിൽ എങ്ങനെ ഇക്കാര്യത്തിൽ ശാശ്വത പരിഹാരത്തിലേക്ക് എത്തിക്കാൻ കഴിയുമെന്നതിനെക്കുറിച്ച്, അതായത് കുളവാഴയെ കമ്പോസ്റ്റാക്കി ജൈവവളമാക്കുന്ന കാര്യം അങ്ങ് ഇവിടെ പറയുകയുണ്ടായി,

Calling Attention

അലങ്കാര വസ്തുക്കളും മറ്റ് മൂല്യവർധിത ഉൽപന്നങ്ങളും നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള നിർദേശങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾക്കുവേണ്ടിയുള്ളവ, വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളെക്കൂടി ചേർത്തുകൊണ്ട് എങ്ങനെ ഇത്തരം കാര്യങ്ങൾ പ്രയോജനകരമാക്കി മാറ്റാൻ കഴിയും, ഇതെല്ലാം പ്രയോജനപ്പെടുത്തി ഒരു വിദഗ്ധ പരിശോധനയ്ക്ക് നമുക്കൊരു എക്സ്പെർട്ട് കമ്മിറ്റിക്ക് രൂപംകൊടുക്കാം. അതിന്റെ അടിസ്ഥാനത്തിൽ ജലാശയങ്ങൾ ശുദ്ധീകരിക്കാനും ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കാനും സാധിക്കും. അങ്ങ് ചൂണ്ടിക്കാണിച്ച ശാസ്ത്രീയമായ കാര്യങ്ങൾ, അങ്ങ് ആഴത്തിൽ വായിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പറയുകയും ചെയ്ത കാര്യങ്ങൾ വസ്തുതാപരമാണ്. അവയെല്ലാം മനോഹരമായി അങ്ങ് അവതരിപ്പിക്കുകയുണ്ടായി. പ്രകൃതിദത്തമായി നമുക്ക് കിട്ടിയ വരദാനങ്ങൾ നഷ്ടപ്പെടാതെയും ജലാശയങ്ങളുടെ മനോഹാരിത സംരക്ഷിച്ചുകൊണ്ടും, ഉപകാരപ്രദമായ വിധത്തിൽ ജനങ്ങൾക്ക് ശുദ്ധജലം ഉറപ്പുവരുത്താനും

ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് വേണ്ടിയുള്ള നടപടികളിലേക്ക് കടക്കാം. കാര്യങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിനുവേണ്ടിയുള്ള ഒരു എക്സ്പെർട്ട് കമ്മിറ്റിക്ക് രൂപം കൊടുത്ത് അതിന്റെ അടിസ്ഥാനത്തിൽ ബാക്കി കാര്യങ്ങളിലേക്ക് കടക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് ഉറപ്പുതരികയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ പ്രധാനപ്പെട്ട ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുതന്നെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഉത്തരം പറഞ്ഞതിൽ സന്തോഷമുണ്ട്. ഒരു കാര്യംകൂടി ചോദിക്കാനുള്ളത്, ഇതിന്റെ ഗവേഷണ രംഗത്തേക്ക് വരുമ്പോൾ കൂടുതൽ ഇഫക്ടീവാക്കാനായി എക്സ്പെർട്സും ബ്യൂറോക്രാറ്റ്സും അല്ലാതെ കർഷകരെയും പ്രാദേശിക സർക്കാരുകളെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് അന്വേഷണം ജനകീയ തലത്തിലാക്കാൻ ശ്രമിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും അങ്ങ് പറഞ്ഞ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി നമുക്ക് പ്രയോജനപ്പെടുത്തേണ്ടതുണ്ട്. പ്രാദേശിക

ഭരണകൂടങ്ങൾക്കും ജനപ്രതിനിധികൾക്കും ഇതിൽ ഏറ്റവും വിലപ്പെട്ട സംഭാവന നൽകാൻ കഴിയുന്ന സാഹചര്യമുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ജനനേതാക്കളെയും ജനപ്രതിനിധികളെയും പ്രാദേശിക തലത്തിലുള്ള ഭരണകൂടങ്ങളെയും കർഷക പ്രതിനിധികളെയും സംയുക്തമായി ചേർത്തുകൊണ്ട് ഇതിൽ അനുഭവസമ്പത്തുള്ള...., ഇക്കാര്യങ്ങൾ ഓരോ സ്ഥലത്തും വ്യത്യസ്തമാണ്. അതായത് കോൾ നിലങ്ങൾ തൃശ്ശൂരിലുള്ളതും കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലുള്ളതും വ്യത്യസ്തങ്ങളാണ്. ഓരോ സ്ഥലത്തിന്റെയും സാഹചര്യങ്ങൾകൂടി പരിശോധിച്ച് അനുഭവസമ്പത്തുള്ളവരുടെ നിർദേശങ്ങൾകൂടി പരിഗണിക്കാൻ കഴിയുന്ന വിധത്തിൽ ഈ കമ്മിറ്റി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.